THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| LANGUAGE-2<br>GRADE-X | MODEL EXAMINATION<br>2023-2024<br>MALAYALAM | MAX.MARKS-80<br>TIME-3Hrs |
|---|---|---|

*The question paper divided into two sections:*
*Section A:Reading Comprehension(V.S.A.Q)*
*Vocabulary Building&prose&Poetry(M.C.Q) :40 MARKS*
*Section B:Grammar,Composition*
*Literature( Prose,Poetry&Supplementary) :40 marks*

| | | |
|---|---|---|
| **I** | താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് **8** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | 1*8=8 |
| | ജീവിതം സുഖപൂർണമാക്കാനുള്ള മനുഷ്യന്റെ അന്വേഷണം സംഭാവന ചെയ്ത ഒരു വസ്തുവാണ് പ്ലാസ്റ്റിക് . സമയത്തെയും സൗകര്യത്തെയും മെച്ചപ്പെടുത്തുക എന്ന ആവശ്യം നൂതന കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയാകുന്നു.കൊണ്ടുനടക്കാനും കൈമാറ്റം ചെയ്യാനും വൃത്തിയായി വെക്കാനും മനുഷ്യനെ ഏറെ സഹായിച്ച പ്ലാസ്റ്റിക് ഇന്ന് ഭൂമിയുടെ കാലനാണ്. ഏതൊരു വസ്തുവും നശിക്കുകയോ മാറ്റത്തിന് വിധേയമാവുകയോ ചെയ്തില്ലെങ്കിൽ അത് ഭൂമിക്ക് ബാധ്യതയാവും മനുഷ്യൻ തന്നെ മരിച്ചില്ലെങ്കിൽ എന്തായിരിക്കും സ്ഥിതി എന്ന് കണക്കുകൂട്ടി നോക്കുക . ഭൂമിക്ക് ഭാരമാവില്ലേ!എന്തായാലും നിലനിൽപ്പ് നാശത്തിലൂടെയാണെന്ന് കാണാം. ഇവിടെയാണ് പ്ലാസ്റ്റിക് വിജയിച്ചത് . അവൻ മരിക്കുന്നില്ല.അതുകൊണ്ടുതന്നെ മണ്ണിനു താങ്ങാൻ ആവാത്ത വിധം ഭീകരമാണ് അവൻറെ സാന്നിധ്യം .<br>ചൂടും മർദ്ദവും നിശ്ചിത അളവിൽ നൽകി അടിച്ചു പരത്താവുന്നതും വലിച്ചു നീട്ടാവുന്നതും ദ്രവ രൂപത്തിൽ ആക്കി ആവശ്യമുള്ള ആകൃതിയും വലിപ്പവും നൽകി എടുക്കാവുന്നതുമായ പോളിമറിക് വസ്തുക്കൾ ആണ് പ്ലാസ്റ്റിക് .ഭാരക്കുറവാണ് അതിൻറെ ഏറ്റവും വലിയ സവിശേഷത.<br>ഇപ്പം പിന്നിലേക്ക് കണ്ണോടിച്ചാൽ ഏതാണ്ട് 1912 മുതലാണ് പ്ലാസ്റ്റിക്കിന്റെ ചരിത്രം ആരംഭിക്കുന്നതെന്ന് കാണാം ഭാരതത്തിൽ | |

| | | |
|---|---|---|
| | പ്ലാസ്റ്റിക് നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ ആരംഭിക്കുന്നത് 1940 മുതലാണ് 2006ൽ പ്ലാസ്റ്റിക്കിന്റെ ഉപഭോഗം ഏതാണ്ട് ആറ് ദശലക്ഷം ടണ്ണായി. കേരളത്തിൽ ഓരോ വ്യക്തിയും ആറു മുതൽ 8 കിലോഗ്രാം വരെ പ്ലാസ്റ്റിക് ഉപയോഗിക്കുന്നു. ലോകത്തിലെ ആകെ ഉപയോഗം വെച്ചു നോക്കുമ്പോൾ ഇത് 40% വരെ കൂടുതലാണ് | |
| 1. | ജീവിതം സുഖപൂർണമാക്കാനുള്ള മനുഷ്യന്റെ അന്വേഷണം സംഭാവന ചെയ്ത വസ്തു ഏത് | |
| 2. | ഇന്ന് ഭൂമിയുടെ കാലൻ ആരാണ് | |
| 3. | എന്താണ് പ്ലാസ്റ്റിക്കിന്റെ സവിശേഷത | |
| 4. | എന്നുമുതലാണ് പ്ലാസ്റ്റിക്കിന്റെ ചരിത്രം ആരംഭിക്കുന്നത് | |
| 5. | ഭാരതത്തിൽ പ്ലാസ്റ്റിക് നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ ആരംഭിക്കുന്നത് എന്നുമുതലാണ് | |
| 6. | എന്താണ് പ്ലാസ്റ്റിക് | |
| 7. | പാഠഭാഗത്തുനിന്ന് അസൗകര്യം എന്ന വാക്കിൻറെ വിപരീതപദം കണ്ടെത്തുക | |
| 8. | പാഠഭാഗത്തുനിന്ന് ഭയപ്പെടുത്തുന്ന എന്ന വാക്കിൻറെ അർത്ഥം വരുന്ന പദം കണ്ടെത്തുക | |
| **II** | ഖണ്ഡിക വായിച്ച ചുവടെയുള്ള **7** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | 1*7=7 |
| | മലയാളത്തിലെ സാഹിത്യ പ്രസ്ഥാനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്തു നോക്കിയാൽ അവയുടെ ആവിർഭാവം ഇവിടത്തെ അപരിഷ്കൃതങ്ങളായ പഴയ അഭിനയ രീതികളിൽ നിന്നാണെന്ന് കാണാൻ പ്രയാസമില്ല. കേരളത്തിലെ മിക്ക ജാതിക്കാരുടെയും ഇടയിൽ അവരുടേതായ ചില നൃത്ത സമ്പ്രദായങ്ങളും അവയ്ക്ക് യോജിച്ച ചില ഗാന രീതികളും ഇന്നും നിലവിലുണ്ട്. മനസംസ്കാരവും ശാസ്ത്രീയ ബോധവും വർധിച്ചുവരുന്നതോടുകൂടി അത്തരം അഭിനയങ്ങളും ഗാന രീതികളും പരിഷ്കരിക്കപ്പെടുന്നതായി കാണാം. ഈ പരിഷ്കാരത്തിൽ നിന്നാണ് കലകൾ ജന്മം എടുക്കുന്നത് . "നൃത്തമാണ് സകല കലകളുടെയും മാതാവ് " എന്ന ചൊല്ലുണ്ടായത് ഇതുകൊണ്ട് തന്നെയായിരിക്കണം .മനസ്സിനെയും അനുഭവങ്ങളെയും ചമൽകൃത രൂപത്തിൽ പ്രദർശിപ്പിക്കുന്നതാണ് കല . അത് വികാരപരവും സംസ്കാരാപേക്ഷവും ആകുവാനുള്ള കാരണം ഇതുതന്നെയാണ് .സംസ്കാരത്തിൻറെ സന്തതിയാണ് ചമൽക്കാരം. ഏതെങ്കിലും ഒരു അസംസ്കൃത വസ്തുവാണ് അവസാനം മനോഹരമായ ഒരു കലാസൃഷ്ടിയായി തീരുന്നതെങ്കിലും കലാകാരന്റെ പ്രയത്നം കൊണ്ട് | |

| | | |
|---|---|---|
| | മാത്രമേ അതിന് കലാത്വം കൈവരുന്നുള്ളൂ.എന്നാൽ കലാസൃഷ്ടിയുടെ പൂർവ്വരൂപം കാണണമെങ്കിൽ വസ്തുവിനെ തേടിപ്പിടിക്കുക തന്നെ വേണം . അർത്ഥ രഹിതവും അപരിഷ്കൃതവുമായ കേവല നൃത്തമാണ് നടന കലയുടെ ഉത്ഭവസ്ഥാനം. മനുഷ്യവർഗ്ഗത്തിൽ ആനന്ദാസക്തിയും സംസ്കാരവും വർധിച്ചു വന്നതോടുകൂടി നൃത്തം സ്വസ്ഥാനത്ത് നിന്നു ഉയർന്ന് നൃത്യ കലയുടെ പരിപൂർണ്ണത വരെ എത്തിച്ചേർന്നു. ഇങ്ങനെ അനുക്രമമായി രൂപാന്തരം പ്രാപിച്ചു വന്ന ചില പ്രാചീന നൃത്ത രീതികളാണ് ഒടുവിൽ നമ്മുടെ തുള്ളൽ പ്രസ്ഥാനമായി വികസിച്ചത്. | |
| 1. | കലകൾ ജന്മമെടുക്കുന്നത് എങ്ങനെ | |
| 2. | കല വികാരപരവും സംസ്കാരാപേക്ഷവും ആകുവാനുള്ള കാരണം എന്താണ് | |
| 3. | കലാസൃഷ്ടിക്ക് കലാത്വം കൈവരുന്നതെങ്ങനെ | |
| 4. | നടന കലയുടെ ഉത്ഭവസ്ഥാനം എവിടെയാണ് | |
| 5. | ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക | |
| 6. | എങ്ങനെയാണ് നൃത്തം സ്വസ്ഥാനത്തു നിന്നുയർന്നു നൃത്യ കലയുടെ പരിപൂർണ്ണതയിൽ എത്തിച്ചേർന്നത് | |
| 7. | തുള്ളൽ ഒരു പ്രസ്ഥാനമായി വികസിച്ചത്എങ്ങനെ | |
| **III** | ഏതെങ്കിലും **7** എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക | 7*1=7 |
| a. | വിയോഗം എന്നതിൻറെ വിപരീതപദം ഏത്<br>(അയോഗം, സംയോഗം,സുയോഗം,നിയോഗം) | |
| b | പട ഈ പദത്തിൻറെ ശരിയായ പര്യായപദം എടുത്ത് എഴുതുക<br>(സീമ ,വാഹിനി, ബലി , പാളയം) | |
| c | സൂതൻ എന്ന പദത്തിൻറെ പര്യായപദം ഏത്<br>(പുത്രൻ , തേരാളി , കർണ്ണൻ , സാരഥി) | |
| d | ശ്രീകൃഷ്ണൻ എന്നർത്ഥം വരാത്ത പദം ഏത്<br>(മുകുന്ദൻ ,ഋഷികേശൻ ,വിജയൻ , വാസുദേവൻ) | |
| e | വിധി എന്നതിൻറെ നാനാർത്ഥ പദം ഏത്<br>(ബ്രഹ്മാവ് , കലഹം , കൊല ,ദുർവിധി) | |
| f | യതി എന്നതിൻറെ നാനാർത്ഥ പദമല്ലാത്തത് ഏത്<br>(വടി ,സന്യാസി,ഹിമമനുഷ്യൻ,വിരാമം) | |

| | | |
|---|---|---|
| g | കുലം - കൂലം ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക<br>(കൊമ്പ് , വംശം , തീരം , നദി) | |
| h | ദ്രോണരുടെ പുത്രൻ എന്നതിൻറെ ശരിയായ ഒറ്റപ്പദം ഏത്<br>(ദ്രോണി , ദ്രോണപുത്രൻ , ദ്രൗണി , അശ്വത്ഥാമാവ്) | |
| i | ഭ്രാതാവ് എന്ന പദത്തിൻറെ എതിർലിംഗം ഏതാണ്<br>( ഭ്രാതാവി, ഭഗിനി , ഭ്രാതാവിക, ഭ്രാതാവിനി) | |
| j | വഴി എന്നർത്ഥം വരാത്ത പദം ഏത്<br>(,മാർഗം ,പാത , യാത്ര) | |
| **IV** | ഏതെങ്കിലും**9** എണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | 9*2=18 |
| a | ഇവരറിയുന്നീലെന്നഭിമാനം!<br>i)ആരാണ് ഇങ്ങനെയൊരു പരാതി പറഞ്ഞത്<br>(കണ്ടുണ്ണി, ചാക്കുണ്ണി, പുള്ളുവൻ, ദുര്യോധനൻ)<br>ii)ആരാണ് ഇവിടെ വക്താവിൻറെ അഭിമാനം അറിയാത്തത്<br>( പാണ്ഡവർ, അപരിചിതർ, പരിഷ്കാരികൾ, ചെമ്പുമത്തായി) | |
| b | ഏകമർത്ഥിയാം പ്രാണിതൻ ഹിതമൊരിയ്ക്കലീശ്വരൻ<br>i)ഈ വാക്കുകളിൽ പരാമർശിക്കുന്ന നളിനിയുടെ ഹിതം എന്തായിരുന്നു<br>(ദിവാകര ദർശനം, സന്യാസജീവിതം,ഗൃഹസ്ഥജീവിതം,മോക്ഷ പ്രാപ്തി)<br>ii) നളിനി എന്ന കൃതിയുടെ മറ്റൊരു പേര് എന്ത്<br>( താമര, ഒരു സ്നേഹഗീതം, ഒരു സ്നേഹ കാവ്യം) | |
| c | ' സ്വയം ബുദ്ധികെട്ടു ..... കരിന്തിരിയാളും വരെ'<br>i)എന്തിൻറെ സൂചനയാണിത്<br>(എണ്ണ തീർന്നതിന്റെ, മരണമടുത്തതിന്റെ, കാഴ്ച മങ്ങിയതിന്റെ)<br>ii) വാർദ്ധക്യത്തിന്റെ അവശതയിൽ ബാധിക്കുന്നു<br>( മരണം, മറവി, അന്ധത) | |
| d | i)രാഗാദി സങ്കുലമായുള്ള സംസാരത്തെ എന്തിന് തുല്യം എന്നാണ് എഴുത്തച്ഛൻ പറയുന്നത്<br>(പാമ്പിന് തുല്യം,ക്ഷണപ്രഭയ്ക്ക് തുല്യം,സ്വപ്ന തുല്യം,ബ്രാഹ്മണന് തുല്യം)<br>ii)താഴെപ്പറയുന്നവരിൽ കവിത്രയത്തിൽ പെടാത്തത് ആര്<br>(കുമാരനാശാൻ,ഉള്ളൂർ, ഒ.എൻ.വി) | |
| e | നാളെയാണ് അല്ലേ? | |

| | | |
|---|---|---|
| | i)ആരുടെ വാക്കുകൾ<br>( നീലി, കുട്ട്യസ്സൻ മാപ്പിള, പാറാവുകാരൻ)<br>ii) ആരുടെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്<br>(നീലി, കണ്ടുണ്ണി ,വെള്ളായിയപ്പൻ) | |
| f | ഇന്നും പഴി പറഞ്ഞേക്കാം മുടങ്ങാതെ വയ്യ തലക്കകത്തെന്തോ പെരുക്കുന്നു<br>i)ആര് ആരെയാണ്  പഴി പറയുന്നത്<br>(അമ്മ മകനെ , മകൻ അമ്മയെ ,ഭാര്യ ഭർത്താവിനെ ,  നാട്ടുകാർ മകനെ)<br>ii)എന്തിനാണ് പഴി പറയുന്നത്<br>( അമ്മയെ ചികിത്സിക്കാത്തതിന്, അമ്മയെ സ്നേഹിക്കാത്തതിന്, അമ്മയെ ഉപേക്ഷിക്കാത്തതിന്,അമ്മയെ തിരികെ കൊണ്ടുപോകാത്തതിന്) | |
| g | ധീരനായ യതി .......... പനിനീർ സുമോപമം<br>i ) ധീരൻ ആരാണ്?<br>( ദുര്യോധനൻ, ദിവാകരൻ, ലക്ഷ്മണൻ)<br>ii) കവിത ഏത്?<br>( ഓണമുറ്റത്ത്, അമ്മത്തൊട്ടിൽ, പ്രിയദർശനം) | |
| h | ഒരച്ച് നോക്കാണ്ടന്നെ പറയും. ഇത്ര ചെമ്പ്, ഇത്ര സ്വർണ്ണം<br>i) ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?<br>( മത്തായി മാപ്പിളയുടെ, ചാക്കുണ്ണിയുടെ, ചാക്കോരു മാപ്പിളയുടെ, മരയ്ക്കാരുടെ)<br>ii) ആരുടേതാണീ വാക്കുകൾ<br>( മത്തായി മാപ്പിളയുടെ, ചാക്കുണ്ണിയുടെ, ചാക്കോരു മാപ്പിളയുടെ, മരയ്ക്കാരുടെ) | |
| i | ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി<br>i) എങ്ങനെ?<br>( പാണ്ഡവരുടെ വിജയത്തോടെ, കൗരവരുടെ വിജയത്തോടെ, ദുര്യോധനന്റെ  മരണത്തോടെ, അശ്വത്ഥാമാവിന് ശാപം ലഭിച്ചതോടെ)<br>ii) ആരായിരുന്നു കൗരവ പക്ഷത്തെ ആദ്യ സൈന്യാധിപൻ<br>( ദുര്യോധനൻ, കർണ്ണൻ, ദ്രോണാചാര്യർ, ഭീഷ്മാചാര്യർ) | |
| j | i)മോഹൈക ഹന്ത്രിയായിട്ടുള്ളതെന്ത്<br>( വിദ്യ, അവിദ്യ, മോഹം)<br>ii) ക്ഷണപ്രഭാചഞ്ചലമായിട്ടുള്ളതെന്ത്<br>( ആയുസ്, സൗന്ദര്യം, ഭോഗങ്ങൾ) | |
| | ബി വിഭാഗം | |

| | | |
|---|---|---|
| **5a** | പ്രയോഗം മാറ്റുക<br>i) അവൻ ജനിച്ചു വളർന്ന വീട് കണ്ടു.<br>ii) നീണ്ട അവധികൾ സർക്കാർ സംവിധാനത്തെ സ്തംഭിപ്പിക്കുന്നു. | 2*1=2 |
| **b** | അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക<br>i) രമണിയുടെ കൈയ്യിൽ നേരത്തെ കണ്ട സഞ്ചി അവൾ ശ്രദ്ധിച്ചു.<br>ii)ദ്രൗണിയെ കണ്ടറിഞ്ഞു ചാടി എഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്ക് ദ്രൗണി അയാളുടെ തലമുടിക്ക് പിടിച്ചു വലിച്ച് താഴെയിട്ട് ചവിട്ടി | 2*1=2 |
| **c** | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക<br>i)പിന്നിൽ നിലവിളി അകന്നു ശമിച്ചില്ലാതായി.<br>ii)എല്ലാ കൊല്ലവും ആണ്ടിലൊരിക്കൽ മലയാറ്റൂർക്ക് പോകാറുള്ളത് അയാൾ അക്കൊല്ലം മുടക്കം വരുത്തി | 2*1=2 |
| **d** | ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ ഉപയോഗിക്കുക<br>i) വിശാലമനസ്കർ ii) കണ്ഠശുദ്ധി വരുത്തുക iii) ഊണിലും ഉറക്കത്തിലും | 2*1=2 |
| **6a** | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരത്തിൽ കവിയാതെ ഉപന്യസിക്കുക<br>i)യുവതലമുറയും ലഹരിപദാർത്ഥങ്ങളും<br>ii)വിദ്യാർത്ഥികളും ഗ്രന്ഥശാലകളും | 1*5=5 |
| **b** | നിങ്ങളുടെ നാട്ടിലെ യാത്ര ക്ലേശം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പൗരസമിതി കൺവീനർ എന്ന നിലയിൽ വകുപ്പ് മന്ത്രിക്ക് ഒരു നിവേദനം തയ്യാറാക്കുക | 1*5=5 |
| **c** | നിങ്ങളുടെ വീടിൻറെ അടുത്ത് നടന്ന ലോറിയപകടവുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക | 1*4=4 |
| **7a** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>i)ഭവാനു പണ്ടിഷ്ടയാം 'നളിനി'ഞാൻ- നളിനി ഇങ്ങനെ തന്നെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം<br>ii) കടൽത്തീരത്ത് എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക<br>iii) വെള്ളായിയപ്പൻറെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെ | 2*3=6 |
| **b** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>i)ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദൂരം ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ<br>കാലാഹിനാ പരിഗ്രസ്ഥമാം ലോകവുമാലോലചേതസ ഭോഗങ്ങൾ തേടുന്നു<br>കാലാഹി എന്ന പ്രയോഗത്തിന്റെ ഔചിത്യം എന്ത്? വരികൾ | 2*3=6 |

| | | |
|---|---|---|
| | വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക<br>ii)ചാക്കുണ്ണി എന്ന കഥാപാത്രത്തെ വിലയിരുത്തി നിരൂപണംതയ്യാറാക്കുക<br>iii)ഓണം ദേശവത്കരിക്കപ്പെട്ടപ്പോൾ നമുക്കുണ്ടായ നഷ്ടം എന്ത് | |
| **C** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>i) സുബ്ബാ ജടാപാഠികളുമായി കുഞ്ഞൻ പിള്ളയ്ക്ക് ഉണ്ടായിരുന്ന അടുപ്പം വിവരിക്കുക<br>ii)ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചതെങ്ങനെ<br>iii) ചട്ടമ്പിസ്വാമിയുടെ സർക്കാർ ഉദ്യോഗകാലം എങ്ങനെ ഉള്ളതായിരുന്നു | 2*3=6 |

**PREPARED BY:ANJANA SURESH HOD:VIDHYA RAJESH HOS:MR.BENEDICT RENSON**